# ഞാൻ കഥാകാരനായ കഥ – എസ്.കെ.പൊറ്റക്കാട്

## [NON-FOCUS AREA, A+ CAPSULE]

- ജീവിതാവസ്ഥകൾ സർഗപ്രതിഭകളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങളിൽ നിന്നാണ് സാഹിത്യം ജനിക്കുന്നത്.
- സാഹിത്യരചനയെ സംബന്ധിച്ച ഈ സുപ്രധാന സത്യം ഊന്നി പറയുകയാണ് എസ്.കെ.
- നോവലിസ്റ്റും കഥാകാരനും സഞ്ചാരസാഹിത്യകാരനുമായ അദ്ദേഹം അനേകം ദേശങ്ങളിലെ ജീവിതാവസ്ഥകൾ അടുത്തറിയുകയും അവ സ്വന്തം രചനകളിലൂടെ നമുക്ക് പകർന്ന് തരികയും ചെയ്യുന്നു.
- അനുഭവങ്ങൾ ആകർഷകമായി ചിത്രീകരിക്കുന്നതിലൂടെ വായനക്കാരന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കാൻ സാധിക്കും
- ഇത്തരം ചലനങ്ങൾ മനപരിവർത്തനത്തിന് കാരണമാകും. രചനയുടെ ഈ സോദ്ദേശ്യരീതിയാണ് എസ്.കെ. സ്വീകരിച്ചിട്ടുള്ളത്.
- വളരെ വിപുലമായ ഒരു സാഹിത്യ സമ്പത്ത് മലയാളത്തിന് സംഭാവന ചെയ്ത തന്റെ രചനാ ജീവിതം എങ്ങനെ ആരംഭിക്കുന്നുവെന്ന് ഈ ലേഖനത്തിലൂടെ വ്യക്തമാക്കുന്നു.
- തന്റെ അനുഭവ പരിസരത്തു നിന്നു കയറി വരുന്ന വിഷയങ്ങൾ എഴുത്തുകാരനെ അസ്വസ്ഥനാക്കുന്നു.ഇത് ആവിഷ്കാരത്തിന് എഴുത്തുകാരനെ നിർബന്ധിതനാക്കുന്നു.
- സാഹിത്യരചനയെ സംബന്ധിക്കുന്ന എഴുത്തകാരന്റെ അനുഭവ വിവരണം പരിചയപ്പെടാനും, എഴുത്തിന്റെ മൗലികത, സാമൂഹ്യപ്രതിബദ്ധത, രചനാസ്വാതന്ത്ര്യം,നിർമാണ രഹസ്യങ്ങൾ, സൃഷ്ടികൾ സമൂഹത്തിനു നൽകുന്ന ജീവിതവീക്ഷണം, മൂല്യബോധം, ആസ്വാദനാവസരം, വൈകാരികാനുഭവം എന്നിവ പകർന്ന് തരാനും"ഞാൻ കഥാകാരനായ കഥ" സഹായിക്കുന്നു.
- അനുഭവങ്ങൾ സൃഷ്ടിക്കുന്ന വികാരങ്ങളാണ് സാഹിത്യം പുനരാവിഷ്ക്കരിക്കുന്നതിനെ സഹായിക്കുന്നത്
- **എഴുത്തിൽ എസ്.കെ.പൊറ്റക്കാടിനെ വികാരപരവശനാക്കിയ ഘടകങ്ങൾ**
  - വൃദ്ധയുടെ അനുഭവം
  - വൈകാരികതയോടെ സമീപിച്ചു.
  - സ്വാഭാവികതയോടെ വിഷയം ഏറ്റെടുത്തു.
  - ഫലപ്രദമായി പുനരാവിഷ്കരിക്കാൻ സാധിച്ചു.
  - ഉള്ളിൽ തട്ടിയ അനുഭവം പ്രകടിപ്പിച്ചു.
- **''പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗികമായ വികാരങ്ങളുടെ അനർഗള പ്രവാഹമാണ് കവിത'' - വില്യം വേർഡ്സ് വർത്ത്**
- **''സ്വന്തം വകയായി ചില <u>സരസ്വതി വിലാസങ്ങളും</u> ചേർത്ത് ഞാൻ ആ മടയനായ മകനു തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു.'' - അടിവരയിട്ട പദത്തിന്റെ അർഥ വിവക്ഷയെന്തെല്ലാം?**
  - ഭാഷാപരമായ മേന്മ
  - അവതരണ ശൈലിയിലെ മികവ്
  - വൈകാരികത
  - ആത്മാർത്ഥത
- ഭാഷയിലും സാഹിത്യത്തിലും എഴുത്ത്കാരനുള്ള സാമർഥ്യം, സർഗഭാവന, അനുഭവങ്ങളെ പൊടിപ്പും തൊങ്ങലും വെച്ച് (ആലങ്കാരിക ഭാഷയിൽ) അവതരിപ്പിക്കുന്നത്. വാക്കുകൾ യഥേഷ്ടം അർഥപൂർണമായി ഉപയോഗിക്കുക).

**<u>സരസ്വതീ വിലാസം:</u>** ഭാരതീയ സങ്കൽപ്പമനുസരിച്ച് സരസ്വതി വാക്കിന്റെ (വിദ്യ / സാഹിത്യം )ദേവതയാണ്. വാക്കുകൾ അർഥപൂർണമായി യഥേഷ്ടം പ്രയോഗിക്കുവാനുള്ള വൈഭവത്തെയാണ് സരസ്വതി വിലാസം എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നത്.

- **എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള വ്യത്യാസം**
- **എം.ടി.വാസുദേവൻ നായർ**
- ആത്മസാക്ഷാത്കാരത്തിനു വേണ്ടി എഴുതി.
- വായനക്കാരനെ പരിഗണിക്കാതെയും എഴുതാൻ എഴുത്തുകാരന് സ്വാതന്ത്ര്യമുണ്ട്.
- വായനക്കാരന് എഴുത്തുകാരനോടോ എഴുത്തുകാരന് വായനക്കാരനോടോ പ്രതിബദ്ധതയില്ല.
- **കെ.സുരേന്ദ്രൻ**
- വായനക്കാരിലേക്കുള്ള വികാര സംക്രമണമാണ് എഴുത്ത്.
- വായനക്കാരനിലെത്തുമ്പോഴാണ് എഴുത്ത് പൂർണമാകുന്നത്.
- എഴുത്തുകാരൻ കാണാത്ത വായനാമണ്ഡലത്തിലേക്കും വായനക്കാരൻ സഞ്ചരിക്കുന്നു.
- **എസ്.കെ.പൊറ്റക്കാട് എന്തു ചെയ്തു.-** വൃദ്ധയ്ക്കു വേണ്ടി എസ്.കെ.എഴുതിയ കത്തിൽ മകൻ എന്ന വായനക്കാരനെ മുന്നിൽ കണ്ടു.
- **അവൻ എന്നെ <u>കഠം</u> പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. അടിവരയിട്ട പദത്തിന്റെ അർഥം?**

  a) കുടം b) കുഷ്ഠം c) രോഗി d) കോഴി

- **വിഗ്രഹിച്ചെഴുതുക.** ഉദാ: ഭൃത്യപ്പണി - ഭൃത്യന്റെ പണി
- പ്രേമാന്ധനായി - പ്രേമത്താൽ അന്ധനായി.
- സരസ്വതി വിലാസങ്ങളും - സരസ്വതിയുടെ വിലാസങ്ങളും
- വൃദ്ധമാതാവ് - വൃദ്ധയായ മാതാവ്
- ചെറുകഥാ രചന - ചെറുകഥയുടെ രചന
- അക്ഷന്തവ്യം - ക്ഷമിക്കാനാവാത്ത
- സഹതാപം - താപത്തോടു കൂടി.
- പൊൻപണം - പൊന്നു കൊണ്ടുള്ള പണം
- കീറമുണ്ട് -കീറയായമുണ്ട്
- അയൽവീട്-അയലത്തെ വീട്
- മുത്തിത്തള്ള_ മുത്തിയായ തള്ള
- നിത്യശാന്തി - നിത്യമായ ശാന്തി
- **അർഥവ്യത്യാസം കുറിക്കുക.**
- പഠിച്ച് ഉദ്യോഗസ്ഥനായി <u>പണം</u> സമ്പാദിച്ചപ്പോൾ മകൻ <u>പിണ</u>ത്തിന് സമമായി പെരുമാറാൻ തുടങ്ങി.
- മക്കളെ പോറ്റി വളർത്തിയ മാതാപിതാക്കളോട് <u>കൃതജ്ഞത</u> കാണിക്കാത്ത മക്കൾ സമൂഹത്തിന്റെ <u>കൃതഘ്നത</u> ഏറ്റുവാങ്ങേണ്ടി വരുന്നു.
- **ചുവടെ കൊടുത്തിരിക്കുന്നവയിൽ തദ്ധിതത്തിന് ഉദാഹരണമേത്.? [നാമങ്ങളിൽ നിന്നോ ഭേദക (വിശേഷണ)ങ്ങളിൽ നിന്നോ ഉണ്ടാകുന്ന നാമരൂപങ്ങളാണ് തദ്ധിതങ്ങൾ]**

  a) ഭൂമി b) സുമിത്ര c) ശൈമി

- **''ജീവിതാവസ്ഥകൾ സർഗപ്രതിഭകളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങളിൽ നിന്നാണ് സാഹിത്യം ജനിക്കുന്നത് ''- എന്ന ദർശനത്തെ ''ഞാൻ കഥാകാരനായ കഥ'' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.?**
- **എഴുത്തുകാരുടെ <u>ജീവിതനിരീക്ഷണം</u> അവരുടെ കൃതികളിൽ തെളിഞ്ഞു കാണാം.അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹ രൂപമേത്?**
- **''ചവറുകൾക്ക് പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി.'' -അക്കർമാശി**
- **''അവൻ എന്നെ കഠം പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു.''- ഞാൻ കഥാകാരനായ കഥ.**
  **--തീവ്രമായ അനുഭവങ്ങളും പച്ചയായ ജീവിത യാഥാർഥ്യങ്ങളുമാണ് സാഹിത്യ കൃതികളെ ജീവനുള്ളതാക്കി തീർക്കുന്നത്.ഈ പ്രസ്താവയുടെയും സൂചനകളുടെയും അടിസ്ഥാനത്തിൽ അക്കർമാശി, ഞാൻ കഥാകാരനായ കഥ എന്നീ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.?**

**Prepared by: SURESH AREEKODE ,HST MALAYALAM,GHSS KUZHIMANNA, MALAPPURAM PH:9562521509.email:sbtckr@gmail.com**
**Visit my youtube :mukulam malayalam for malayalam video lessons and PDF notes**